കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഡി ബി) വകുപ്പ്

നം. 65413/ഡിബി1/2014/തസ്വഭവ തിരുവനന്തപുരം, തീയതി 14/10/14

## പരിപത്രം

വിഷയം: തസ്വഭവ - പ്രധാനമന്ത്രി ജൻധൻയോജന - എല്ലാവർക്കും ബാങ്ക് അക്കൗണ്ട് എന്ന ആശയം നടപ്പാക്കൽ സംബന്ധിച്ച്

സൂചന: 1. 2014 ആഗസ്റ്റ് മാസം 21ന് നടന്ന പ്രധാനമന്ത്രി ജൻധനയോജന സംസ്ഥാന തല യോഗത്തിന്റെ മിനിറ്റ്സ്.

2. 2014 സെപ്റ്റംബർ 18ന് നടന്ന 113-ാമത് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിന്റെ തീരുമാനങ്ങൾ

3. കാനറാബാങ്ക് ജനറൽ മാനേജരുടെ 26-9-2014 ലെ കേരള എസ്എൽബിസി/112/പിഎംജെഡിവൈ/267/ജിഎൻ/2014 നമ്പർ കത്ത്.

2014 ആഗസ്റ്റ് 28ന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പ്രധാനമന്ത്രി ജൻധൻയോജന എന്ന പദ്ധതിയുടെ സംസ്ഥാനതല നടത്തിപ്പ് ബഹു:മുഖ്യമന്ത്രി അന്നേ ദിവസം തലസ്ഥാനത്ത് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ബാങ്ക് അക്കൗണ്ടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും, അല്ലെങ്കിൽ കുറഞ്ഞപക്ഷം കുടുംബത്തിലെ ഒരാൾക്കെങ്കിലും ആയത് ലഭ്യമാക്കുക എന്ന ഒന്നാം ഘട്ട ലക്ഷ്യപൂർത്തീകരണാർത്ഥം സൂചന 2 പ്രകാരം വിപുലമായ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി പഞ്ചായത്ത് / വാർഡ്തല വോട്ടേഴ്സ് ലിസ്റ്റ്, അസ്സസ്സ്മെന്റ് രജിസ്റ്റർ ഇവയുടെ അടിസ്ഥാനത്തിൽ ബാങ്കുകൾ / സർവേ ഏജൻസികൾ, സർവ്വേ നടത്തുന്നതും പുതുതായി ചേർക്കപ്പെട്ട വീടുകൾ സംബന്ധിച്ച വിവരങ്ങൾ അസ്സസ്സ്മെന്റ് രജിസ്റ്ററുകളിൽ നിന്ന് ശേഖരിക്കുന്നതും ഇപ്രകാരമുള്ള പ്രവർത്തന ഫലമായി 2014 നവംബർ 1 ആകുമ്പോഴേക്കും കുടുംബത്തിലെ ഒരംഗത്തിനെങ്കിലും ബാങ്ക് അക്കൗണ്ട് എന്ന ആശയം പൂർത്തീകരിക്കുക എന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

മേൽ പദ്ധതിയുടെ വിജയത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പക്കലുള്ള വാർഡ്തല വോട്ടർ പട്ടിക, അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ എന്നിവ ബാങ്ക് അക്കൗണ്ട് തുറക്കേണ്ട വീടുകൾ

കണ്ടെത്തുന്നതിലേയ്ക്കായി ബാങ്കുകൾക്ക് / സർവ്വേ ഏജൻസികൾക്ക് ലഭ്യമാക്കേണ്ടതും ബാങ്ക് അക്കൗണ്ട് ഉള്ളതും ഇല്ലാത്തതുമായ വീടുകളെപ്പറ്റിയുള്ള സർവ്വേ റിപ്പോർട്ടുകൾ അംഗീകാരപ്പെടുത്തി നൽകേണ്ടതുണ്ട്. സർവ്വെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകളും ബാങ്ക് അക്കൗണ്ട് കവറേജ് സർട്ടിഫിക്കറ്റുകളും അതതു വാർഡ് മെമ്പർമാർ അംഗീകരിച്ച് ഒപ്പിട്ട് നൽകേണ്ടതാണ് എന്നും 18,25 എന്നീ തീയതികളിൽ പഞ്ചായത്ത് തലത്തിൽ അക്കൗണ്ടുകൾ തുറക്കാൻ ക്യാമ്പുകൾ വിഭാവനം ചെയ്യുന്നു എന്നതിനാൽ ആയതിലേക്കുള്ള സ്ഥല സൗകര്യവും ഫർണീച്ചറുകളും മറ്റും ഒരുക്കുകയും നേതൃത്വം നൽകുകയും ചെയ്യണമെന്നും ഇതിനാൽ നിഷ്കർഷിച്ചുകൊള്ളുന്നു.

സി. വത്സല.
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ (എല്ലാ പഞ്ചായത്തുകൾക്കും അറിയിപ്പ് നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ (എല്ലാ നഗരസഭകൾക്കും അറിയിപ്പ് നൽകേണ്ടതാണ്)
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ളോക്ക് പഞ്ചായത്തുകൾക്കും അറിയിപ്പ് നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ